# അവന്റെ വഴികൾ പ്രമാണിക്കുക

## സങ്കീർത്തനങ്ങൾ 18:21

“ഞാൻ യഹോവയുടെ വഴികളെ പ്രമാണിച്ചു; എന്റെ ദൈവത്തോടു ദ്രോഹം ചെയ്തതുമില്ല.”

യഹോവ ദാവീദിനെ അവന്റെ സകല ശത്രുക്കളുടെ കയ്യിൽ നിന്നും വിടുവിച്ച കാലത്തു എഴുതിയ സങ്കീർത്തനമാണിത്. അവന്റെ ശത്രുക്കളുടെ കൈകൾ ദാവീദിന് നേരെ തിരിഞ്ഞപ്പോൾ, അവയിൽ നിന്നെല്ലാം വിടുവിച്ച് തനിക്ക് തുണയായിരുന്ന് തന്നെ വിശാലതയിലേക്ക് വരുത്തിയപ്പോൾ, ദാവീദ് യഹോവെക്ക് പാടിയ പാട്ടാണിത്. ഇവിടെ ദാവീദ് യഹോവയുടെ വഴികളെ അനുസരിച്ച്, അവന്റെ ചട്ടങ്ങളെ വിട്ടു നടക്കാതെ അകൃത്യം ചെയ്യാതെ തന്നെത്താൻ കാത്തു; യഹോവ അവനെ വിടുവിച്ചു.

ഇന്നു നാം ആയിരിക്കുന്ന ഈ ലോകത്തിൽ അനേകം പ്രതികൂലങ്ങളുടെ മധ്യത്തിൽ നിൽക്കുമ്പോൾ അവന്റെ വഴികളെ വിട്ടുമാറാതെ ദൈവത്തോട് ദ്രോഹം ചെയ്യാതെ, പ്രത്യാശയോടെ നാമും ആയിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. എന്നാൽ ഇന്ന് പലർക്കും അത് സാധിക്കുന്നില്ല. ദൈവസന്നിധി വിട്ട് സ്വന്ത വഴികളെ തേടി ഓടിപ്പോവാൻ ശ്രമിക്കുന്നവരാണ് അധികവും. വിശ്വാസം ദൈവത്തിലർപ്പിക്കുവാനും ഹൃദയത്തെ ഉറപ്പിക്കുവാനും സാധിക്കുന്നില്ല. ഈ ലോകത്തിലുള്ള ഒന്നിനും നമ്മെ ആശ്വസിപ്പിക്കാനും രക്ഷിപ്പാനും കഴിയുകയില്ല എന്ന സത്യം മനസ്സിലാക്കിയവർ പോലും പ്രതികൂലങ്ങളിൽ ദൈവത്തെ തള്ളിപ്പറഞ്ഞു മറ്റുപലതിലേക്കും തിരിയുന്നതായി കാണാം.

എന്നാൽ നമുക്ക് ഇയ്യോബിനെപ്പോലെ; ജീവിതത്തിന്റെ ഏതു സാഹചര്യങ്ങളിലും ആരെല്ലാം മാറിപ്പോയാലും എന്തെല്ലാം ഭവിച്ചാലും അവനായി കാത്തിരിക്കാൻ കഴിയണം. വിശ്വസിക്കാൻ കഴിയണം. ഇയ്യോബ് തന്നോടും ദൈവത്തോടും ദ്രോഹം ചെയ്തില്ല. ആരും അവനെ മനസ്സിലാക്കിയില്ല. എന്നാൽ ദൈവം അവന് ശാശ്വതമായ പരിചയും പലകയുമായിരുന്നു. ദൈവം അവനെ അനുഗ്രഹിച്ചു. നമുക്കും ഇയ്യോബിനെപ്പോലെ, ദാവീദിനെപ്പോലെ എപ്പോഴും അവന്റെ വഴികളെ പ്രമാണിച്ചു നടക്കാം. അതിനായി കൃപ തരേണമേ എന്ന് പ്രാർത്ഥിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പരാമർശം :

സങ്കീർത്തനങ്ങൾ 119:102

നീ എന്നെ ഉപദേശിച്ചിരിക്കയാൽ ഞാൻ നിന്റെ വിധികളെ വിട്ടുമാറീട്ടില്ല.

സിസ്റ്റർ. നിനു ബിനു ബേബി ആലപ്പുഴ 034